# വ്യവസായ കേരളം

50

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 OCTOBER 2023






# സംസ്ഥാന കരകൗശല അവാർഡുകൾ വിതരണം ചെയ്തു

കരകൗശല മേഖലയിലെ സൂക്ഷ്മസംരംഭങ്ങൾക്ക് ആശാ പദ്ധതിയിലൂടെ നല്കുന്ന ധനസഹായം വർധിപ്പിക്കുമെന്ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ് പറഞ്ഞു. കരകൗശല മേഖലയിൽ മികച്ച സംഭാവനകൾ നല്കിയവർക്കുള്ള 2021 ലെ കരകൗശല പുരസ്കാര വിതരണോദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു ബഹു. മന്ത്രി. സംസ്ഥാനത്ത് കരകൗശല വ്യവസായം വികസിപ്പിക്കുന്നതിനും കരകൗശല വിദഗ്ധർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുന്നതിനുമായി 2015-16 മുതലാണ് കരകൗശല പുരസ്കാരം നൽകുന്നത്.

സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പൊതു വിഭാഗത്തിന് നൽകുന്ന മൂലധന സഹായം മൂന്ന് ലക്ഷം രൂപയാക്കി ഉയർത്തും. എസ്സി, എസ്ടി വിഭാഗത്തിലുള്ളവർക്ക് നിലവിലെ മൂന്നു ലക്ഷം രൂപയിൽ നിന്ന് നാലര ലക്ഷം രൂപയാക്കി വർധിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു. പത്ത് വർഷത്തിന് ശേഷമാണ് ഈ മേഖലയിലെ ധനസഹായം വർധിപ്പിക്കുന്നത്.

സംരംഭം തുടങ്ങിയവർക്കുള്ള പ്രവർത്തന മൂലധന പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. പ്രവർത്തന മൂലധനത്തിൽ പൊതുവിഭാഗത്തിന് നിലവിൽ നല്കുന്ന രണ്ടു ലക്ഷം രൂപയിൽ നിന്ന് അഞ്ച് ലക്ഷമായി വർധിപ്പിക്കും. പ്രത്യേകവിഭാഗക്കാർക്ക് നല്കുന്ന മൂന്നു ലക്ഷം രൂപയിൽ നിന്ന് ഏഴര ലക്ഷം രൂപയാക്കിയും ഉയർത്തും.

അടുത്ത വർഷം മുതൽ വ്യവസായ സഹകരണ സംഘങ്ങളിൽ മികവ് തെളിയിക്കുന്നവർക്ക് സംരംഭകത്വത്തിന്റെ ഭാഗമായി സംരംഭകത്വ പുരസ്കാരം നല്കുമെന്നും ബഹു. മന്ത്രി പറഞ്ഞു. പ്രതിസന്ധി നേരിടുന്ന സംഘങ്ങളുടെ പുനർജീവനത്തിനായി കാലഹരണപ്പെട്ട യന്ത്രസാമഗ്രികൾ മെച്ചപ്പെടുത്താനായി അഞ്ചു ലക്ഷം രൂപ വരെ



നല്കും. ഇവർക്ക് മൂന്നു ലക്ഷം രൂപ റിവോൾവിങ് ഫണ്ടായും ലഭ്യമാക്കും.

ടൂറിസവുമായി ബന്ധപ്പെട്ട് കരകൗശല മേഖലയിൽ പരോക്ഷമായ തൊഴിലവസരങ്ങൾക്കുള്ള സാധ്യതയുണ്ട്. കേരളത്തിന്റെ തനതു രൂപങ്ങൾ കരകൗശല വസ്തുക്കളിലൂടെ ആളുകളിലേക്ക് എത്തിക്കാൻ കഴിയും, അതിനുള്ള സഹായങ്ങൾ വ്യവസായ വകുപ്പ് നല്കുമെന്നും ബഹു. മന്ത്രി കൂട്ടിച്ചേർത്തു.

2023 സെപ്റ്റംബർ 20 ന് തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല. ഐ.എ.എസ് അദ്ധ്യക്ഷത വഹിച്ചു. കേരള ടൂറിസത്തിൽ കരകൗശല വസ്തുക്കളുടെ പ്രാധാന്യം കുറച്ചുകാണാൻ കഴിയില്ലെന്ന് അദ്ദേഹം പറഞ്ഞു. കരകൗശല മേഖലയിലെ വിദഗ്ധരുടെ കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കുകയാണ് വകുപ്പിന്റെ കടമയെന്നും അദ്ദേഹം പറഞ്ഞു

വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ. എസ്.ഹരികിഷോർ ഐ.എ.എസ്, വ്യവസായ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീമതി ആനി ജൂലാ തോമസ്. ഐ.എ.എസ്, കൈത്തറി വസ്ത്ര ഡയറക്ടർ ശ്രീ. അനിൽ കുമാർ കെ.എസ്, ഡെവലപ്മെന്റ് കമ്മീഷണർ (ഹാന്റി ക്രാഫ്റ്റ്സ്) ഓഫീസ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ലെനിൻ രാജ് കെ. ആർ., വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ ഡയറക്ടർമാരായ ഡോ. കെ. എസ്. കൃപകുമാർ, ശ്രീ. രാജീവ് ജി. എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ദാരുശിൽപ്പങ്ങൾ, പ്രകൃതിദത്ത നാരുകളിൽ തീർത്ത ശിൽപ്പങ്ങൾ, ചൂരൽ, മുള എന്നിവയിൽ തീർത്ത ശിൽപ്പങ്ങൾ, ചരട്, നാട, കസവ് ഇവ ഉപയോഗിച്ചുള്ള ചിത്രത്തുന്നൽ, ലോഹ ശിൽപ്പങ്ങൾ ചിരട്ട ഉപയോഗിച്ച് നിർമ്മിച്ച ശിൽപ്പങ്ങൾ, വിവിധ വസ്തുക്കളിൽ നിർമ്മച്ചവ (മുകളിൽ ഉൾപ്പെടാത്തവ) എന്നീ ഏഴ് വിഭാഗങ്ങളിലായാണ് പുരസ്കാരം നൽകിയത്. കരകൗശല വിദഗ്ദരുടെ മികച്ച സംഭാവനകൾ, കരകൗശല വൈദഗ്ധ്യം, കരകൗശല വികസനം, എന്നിവ പരിഗണിച്ചാണ് പുരസ്കാരം.

ശ്രീ. കമലാസനൻ. എൻ (ദാരു ശിൽപ്പങ്ങൾ), ശ്രീ. എ.പ്രതാപ് (പ്രകൃതി ദത്ത നാരുകളിൽ തീർത്ത ശിൽപ്പങ്ങൾ), ശ്രീ. സുരേന്ദ്രൻ കെ. കെ (ചൂരൽ, മുള എന്നിവയിൽ തീർത്ത കലാരൂപങ്ങൾ), ശ്രീമതി ജയകുമാരി എം.എൽ (ചരട്, നാട, കസവ് ഇവ ഉപയോഗിച്ചുള്ള ചിത്ര തുന്നൽ), ശ്രീ. രാജേന്ദ്രൻ റ്റി.വി (ലോഹശിൽപ്പങ്ങൾ) ശ്രീ. മുരളി കെ.വി (ചിരട്ട ഉപയോഗിച്ചുള്ള കലാരൂപങ്ങൾ), ശ്രീ. എ.കെ.അരുൺ (വിവിധ വസ്തുക്കളിൽ നിർമ്മിച്ച കലാരൂപങ്ങൾ ) എന്നിവരാണ് പുരസ്കാരത്തിനു അർഹരായത്. 50,000 രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം.

ശ്രീ. ശശിധരൻ പി.എ (ദാരുശിൽപ്പങ്ങൾ), ശ്രീ. ബാബു. കെ (പ്രകൃതി ദത്ത നാരുകളിൽ തീർത്ത ശിൽപ്പങ്ങൾ ശ്രീ. സോണി രമേശ് (ചൂരൽ, മുള എന്നിവയിൽ തീർത്ത കലാരൂപങ്ങൾ), ശ്രീ. വാസുദേവൻ ചേതിൽ, ഇരിങ്ങൽ, കോഴിക്കോട് (ലോഹശിൽപ്പങ്ങൾ) , ശ്രീ. ജി.എസ്.ചന്തു നായർ (ചിരട്ട ഉപയോഗിച്ചുള്ള കലാരൂപങ്ങൾ), ശ്രീ. രമേശൻ എം.കെ. (വിവിധ വസ്തുക്കളിൽ നിർമ്മിച്ച കലാരൂപങ്ങൾ) എന്നിവർക്ക് പതിനായിരം രൂപയും മെറിറ്റ് സർട്ടിഫിക്കറ്റും ലഭിച്ചു.

# വേൾഡ് കോഫി കോൺഫറൻസിൽ
## ശ്രദ്ധയാകർഷിച്ച് കേരള പവലിയൻ

വേൾഡ് കോഫി കോൺഫറൻസിലെ കേരള പവലിയൻ കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി ശ്രീ. പീയൂഷ് ഗോയൽ ഉദ്ഘാടനം ചെയ്തു. ഇത് ആദ്യമായാണ് വേൾഡ് കോഫി കോൺഫറൻസിന് ഒരു ഏഷ്യൻ രാജ്യം ആതിഥ്യമരുളുന്നത്. വേൾഡ് കോഫി കോൺഫറൻസിന്റെ അഞ്ചാമത് എഡിഷനാണ് ബാംഗ്ലൂർ പാലസ് ഗ്രൗണ്ടിൽ സെപ്റ്റംബർ 25 മുതൽ 28 വരെ സംഘടിപ്പിച്ചത്.

കേരളത്തിന്റെ പരമ്പരാഗത വാസ്തുശിൽപചാതുരി പ്രദർശിപ്പിക്കുന്ന പവലിയൻ കാണികളുടെ ഇഷ്ട കേന്ദ്രമായി മാറിയിരിക്കുകയാണ്. കഥകളി പ്രതിമയാണ് പവലിയനിലേക്ക് സന്ദർശകരെ സ്വീകരിക്കുന്നത്. കാപ്പി മേഖലയുമായി ബന്ധപ്പെട്ട തിരഞ്ഞെടുക്കപ്പെട്ട സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെ 14 സംരംഭക വ്യക്തിഗത യൂണിറ്റുകളും വേൾഡ് കോഫി കോൺഫറൻസിൽ കേരളത്തെ പ്രതിനിധീകരിച്ചു സാന്നിധ്യം അറിയിച്ചിട്ടുണ്ട്.



80ലധികം രാജ്യങ്ങളിൽ നിന്നുള്ള 2400 ഓളം പ്രതിനിധികളാണ് ഈ ഉച്ചകോടിയിൽ പങ്കെടുത്തത്. ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കൊമേഴ്സിനു കീഴിൽ പ്ലാന്റേഷൻ വകുപ്പ് രൂപീകരിച്ചതിനു ശേഷമുള്ള ആദ്യ അന്താരാഷ്ട്ര സമ്മേളനമാണിത്.

കാപ്പി ഉത്പാദനത്തിൽ രാജ്യത്ത് രണ്ടാം സ്ഥാനമാണ് കേരളത്തിനുള്ളത്. 72,000 ടൺ ആണ് കേരളത്തിന്റെ ഉത്പാദനം. രാജ്യത്തെ മൊത്തം ഉത്പാദനത്തിന്റെ 20 ശതമാനം വരുമിത്. വയനാട്, ഇടുക്കി, പാലക്കാട് ജില്ലകളിലാണ് സംസ്ഥാനത്ത് പ്രധാനമായും കാപ്പി ഉത്പാദനം നടക്കുന്നത്. രാജ്യാന്തര വിപണിയിലും ആഭ്യന്തര വിപണിയിലും ആവശ്യക്കാരേറെയുള്ള, ഭൗമസൂചിക പട്ടികയിൽ ഇടം പിടിച്ച വയനാടൻ റോബസ്റ്റ കോഫി തന്നെയായിരുന്നു സമ്മേളനത്തിൽ കേരളത്തിന്റെ മുഖമുദ്ര.




കാപ്പിക്കുരു കൃഷി മുതൽ വാണിജ്യാവസരങ്ങൾ ഒരുക്കുന്നതടക്കം സുസ്ഥിരമായ കാപ്പി വ്യവസായം കെട്ടിപ്പടുക്കുന്നതിനുള്ള ചർച്ചകൾക്കും സംവാദങ്ങൾക്കുമുള്ള വേദിയായി ഈ ഉച്ചകോടി മാറി. മുഴുനീള സമ്പദ്‌വ്യവസ്ഥയിലൂടെയും പുനരുൽപ്പാദന കൃഷിയിലൂടെയും സുസ്ഥിരത എന്നതായിരുന്നു സമ്മേളനത്തിന്റെ പ്രമേയം.

കോഫി സ്റ്റാർട്ടപ്പുകൾ, കോഫി റോസ്റ്ററുകൾ, സ്പെഷ്യാലിറ്റി കോഫി ഗ്രോവേഴ്സ്, ചെറുകിട കർഷകർ തുടങ്ങിയവർ ഉച്ചകോടിയിൽ പങ്കെടുത്തു. മികച്ച ഉൽപന്നങ്ങളുമായി സംരംഭക കർഷക പ്രതിനിധികളും ഉടമകളും പരിപാടിയിൽ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിച്ചു. സംരംഭകർ, ചെറുകിട കച്ചവടക്കാർ, കഫേബിസിനസ് ഉടമകൾ, നിക്ഷേപ അവസരങ്ങൾ തേടുന്ന ബിസിനസുകാർ എന്നിവർക്ക് ഉച്ചകോടിയിൽ മികച്ച അവസരങ്ങൾ ലഭിച്ചു. കോഫി വ്യവസായ മേഖലയിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തെ സംബന്ധിച്ച് വേൾഡ് കോഫി ഉച്ചകോടി പുത്തൻ പ്രതീക്ഷകൾ പകർന്നു. പ്ലാന്റേഷൻ ഡയറക്ടറേറ്റിന് വേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷനാണ് കേരള പവലിയൻ ഒരുക്കിയത്.

## കെഎസ്ഐഡിസി ഫോട്ടോഗ്രാഫി മത്സരം:
### അവസാന തീയതി 2023 ഒക്ടോബർ അഞ്ച് വരെ നീട്ടി

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെഎസ്ഐഡിസി) 'വ്യവസായ കേരളം' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ഫോട്ടോഗ്രാഫി മത്സരത്തിലേക്ക് എൻട്രികൾ അയക്കാനുള്ള അവസാന തീയതി 2023 ഒക്ടോബർ അഞ്ച് വരെ നീട്ടി. വ്യവസായ വകുപ്പിന്റെ നേട്ടങ്ങൾ, നടപ്പിലാക്കിയ മാതൃകാ പദ്ധതികൾ, വിജയകരമായി മുന്നേറുന്ന സംരംഭങ്ങൾ തുടങ്ങി കേരളത്തിന്റെ വ്യവസായ മേഖലയ്ക്ക് കൂടുതൽ പ്രചോദനമേകുന്ന ചിത്രങ്ങളാണ് മത്സരത്തിന് പരിഗണിക്കുന്നത്. മത്സരത്തിൽ പങ്കെടുക്കാൻ പ്രായപരിധിയില്ല. മത്സരാർഥി സ്വന്തമായി മൊബൈൽ ഫോണിലോ ഡിഎസ്എൽആർ ക്യാമറകളിലോ പകർത്തിയ ചിത്രങ്ങൾ അടിക്കുറിപ്പോടെ അയക്കണം. ഒരാൾക്ക് ഒരു ഫോട്ടോ അയക്കാം. വാട്ടർമാർക്കുള്ള ഫോട്ടോ പരിഗണിക്കില്ല. കളറിലോ/ബ്ലാക്ക് ആൻഡ് വൈറ്റിലോ ഫോട്ടോകൾ അയക്കാം. വിദഗ്ധ ജൂറി തെരഞ്ഞെടുത്ത മികച്ച 10 ഫോട്ടോകൾ കെഎസ്ഐഡിസിയുടെ ഫേസ്ബുക്ക്/ഇൻസ്റ്റാഗ്രാം പേജിൽ പബ്ലിഷ് ചെയ്യും. അതിൽ, കൂടുതൽ ലൈക്ക് & ഷെയർ ലഭിക്കുന്ന മൂന്ന് ഫോട്ടോകളെയാണ് വിജയിയായി പരിഗണിക്കുക. കെഎസ്ഐഡിസിയുടെ ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം പേജുകൾ ഫോളോ ചെയ്യുന്നവരെയാണ് മത്സരത്തിന് പരിഗണിക്കുന്നത്. തെരഞ്ഞെടുക്കുന്ന ഏറ്റവും മികച്ച ചിത്രത്തിന് 7,000 രൂപ ക്യാഷ് അവാർഡും പ്രശസ്തി പത്രവും മികച്ച രണ്ടാമത്തെ ചിത്രത്തിന് 5,000 രൂപയും പ്രശസ്തി പത്രവും മൂന്നാം സമ്മാനത്തിന് 3,000 രൂപയും പ്രശസ്തി പത്രവും ലഭിക്കും. കൂടാതെ മികച്ച ഏഴ് ഫോട്ടോകൾക്ക് പ്രോത്സാഹന സമ്മാനമായി 1,000 രൂപ വീതം സമ്മാനവും ലഭിക്കും. മത്സരാർഥികൾ ഫോട്ടോ contest@ksidcmail.org എന്ന ഇമെയിലേക്ക് അയക്കണം. ഫോട്ടോയോടൊപ്പം മത്സരാർഥിയുടെ പേര്, സ്ഥലം, ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്തണം. കൂടുതൽ വിവരങ്ങൾക്ക് കെഎസ്ഐഡിസി ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം പേജ് എന്നിവ സന്ദർശിക്കുക. ഫോൺ: 04712318922.

### ഒരു സംരംഭകൻ പിറന്ന കഥ 03



പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്ക്, മുതലമട ഗ്രാമ പഞ്ചായത്ത്, നണ്ടൻകിഴായ, പിഎംഎഫ്എംഇ പദ്ധതി പ്രകാരംയാസ്മി എന്ന സംരംഭകയുടെ ആൻകൊ ഓയിൽ മിൽ എന്ന സംരംഭം 2023 ജൂലൈ 30ന് മുതലമട ഗ്രാമപഞ്ചായത് വൈസ് പ്രസിഡന്റ് ശ്രീ. താജുദ്ദീൻ അധ്യക്ഷൻ ആയ ചടങ്ങിൽ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. കല്പനാദേവി ഉദ്ഘാടനം നിർവഹിച്ചു. വ്യവസായ വികസന ഓഫീസർ ശ്രീ. പീതാംബരൻ, പിഎംഎഫ്എംഇ ജില്ലാ ഡിആർപി ശ്രീ. ശശീന്ദ്രൻ എന്നിവർ പങ്കെടുത്തു.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.